**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1729** **02-02-2024 - ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസ കൺസട്ടൻസി സ്ഥാപനങ്ങൾക്കെതിരെയുള്ള പരാതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ജെ. മാക്സി** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | വിദേശത്തും ഇതരസംസ്ഥാനങ്ങളിലും ഉപരിപഠനത്തിനായി സേവനം തേടിയെത്തുന്ന വിദ്യാർത്ഥികളെ ചൂഷണം ചെയ്യുന്നതും നിലവാരമില്ലാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് അയയ്ക്കുന്നതും ഉൾപ്പെടെ വിദ്യാഭ്യാസ കൺസൾട്ടൻസി സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കെതിരെ വ്യാപക പരാതികൾ വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇത്തരം കൺസൾട്ടൻസികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനും ലൈസൻസും ഏകീകൃത സേവന നിരക്കും ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനുമായി സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | വിദ്യാഭ്യാസ കൺസൾട്ടൻസികൾ വിദ്യാർത്ഥികളെ ചൂഷണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്യപ്പെട്ട കേസിൽ ബഹു. കേരള ഹൈക്കോടതിയുടെ നിർദ്ദേശ പ്രകാരം സംസ്ഥാനത്തെ വിദ്യാഭ്യാസ കൺസൾട്ടൻസികളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതും പ്രത്യേക നിയമനിർമ്മാണം നടത്തുന്നതുമായുള്ള വിഷയങ്ങൾ പഠിക്കുന്നതിന് കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ ഡോ. സജിഗോപിനാഥ് ചെയർമാനായും ഡോ.ആർ.കെ. സുരേഷ് കുമാർ, സുപ്രീം കോടതി അഭിഭാഷകൻ ശ്രീ. ശ്രീറാം പാറക്കാട്ട് എന്നിവരെ അംഗങ്ങളായും ഉൾപ്പെടുത്തി വിദഗ്ദ്ധ സമിതി രൂപീകരിച്ചിരുന്നു. പ്രസ്തുത സമിതി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടും നിയമ നിർമ്മാണത്തിന്റെ കരടും സർക്കാർ പരിശോധിച്ചു വരികയാണ്. |
| (സി) | കഴിഞ്ഞ 10 വർഷ കാലയളവിൽ (2013 മുതൽ 2023 വരെ) സംസ്ഥാനത്തെ എത്ര ശതമാനം വിദ്യാർത്ഥികൾ ഉന്നതവിദ്യാഭ്യാസത്തിനായി ഇതരസംസ്ഥാനങ്ങളെയും ഇതരരാജ്യങ്ങളെയും ആശ്രയിച്ചു എന്നതിന്റെ വിശദാംശം വർഷം തിരിച്ച് ലഭ്യമാക്കുമോ? | (സി) | ഉന്നത വിദ്യാഭ്യാസത്തിനായി ഇതരസംസ്ഥാനങ്ങളെയും ഇതര രാജ്യങ്ങളെയും ആശ്രയിക്കുന്ന വിദ്യാർത്ഥികളുടെ 2013 മുതലുള്ള വിവരശേഖരണത്തിന് നിലവിൽ സംവിധാനം ഇല്ല. എന്നിരുന്നാലും, 2020 ഏപ്രിലിൽ ആരംഭിച്ച നോർക്ക റൂട്ട്സിന്റെ നോർക്ക സ്റ്റുഡന്റ് ഐഡി കാർഡ് പദ്ധതി പ്രകാരം വിദേശ രാജ്യങ്ങളിലേക്ക് ഉന്നത വിദ്യാഭ്യാസത്തിനായി പോയിട്ടുള്ള 8052 പേർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു. |

| നമ്പർ | വർഷം | രജിസ്റ്റർ ചെയ്തവർ |
|---|---|---|
| 1 | 2021 | 2022 |
| 2 | 2022 | 3526 |
| 3 | 2023 | 2504 |

സെക്ഷൻ ഓഫീസർ